**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4834** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതി സ്കീമിൽ വിദേശത്ത് പഠിക്കുന്നവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതി സ്കീമിൽ എത്ര വിദ്യാർത്ഥികൾ വിദേശത്ത് പഠിക്കുവാനായി അപേക്ഷ നൽകിയിരുന്നു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതി സ്കീമിൽ 1099 പട്ടികജാതി വിദ്യാർത്ഥികളും 112 പട്ടികവർഗ്ഗ വിദ്യാർത്ഥികളും വിദേശ പഠനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകൾ സംസ്ഥാന തലത്തിൽ പരിഗണിക്കുന്നതിനാൽ ജില്ല തിരിച്ച് വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | ഇതിൽ എത്ര വിദ്യാർത്ഥികൾ ഇപ്പോൾ വിദേശത്ത് പഠിക്കുന്നുണ്ട്; അവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉന്നതി സ്കോളർഷിപ്പ് മുഖേന നാളിതുവരെ 619 പട്ടികജാതി വിദ്യാർത്ഥികളും 41 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 57 പിന്നാക്ക വിഭാഗ വിദ്യാർത്ഥികളും ഉൾപ്പെടെ 717 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി. മറ്റു വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (സി) | വിദേശത്ത് പോകാൻ അനുമതി ലഭിച്ചിട്ടും ഇടയ്ക്കുവച്ച് പഠനം നിർത്തിയ എത്ര വിദ്യാർത്ഥികളുണ്ട്; അവരുടെ പേരുവിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (സി) | ഉന്നതി സ്കോളർഷിപ്പ് മുഖേന നാളിതുവരെ 619 പട്ടികജാതി വിദ്യാർത്ഥികളും 41 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 57 പിന്നാക്ക വിഭാഗ വിദ്യാർത്ഥികളും ഉൾപ്പെടെ 717 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി. മറ്റു വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ